LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി

163 (3447) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത എത്ര കൃഷി ഓഫീസുകളാണ് ഉള്ളത് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാരുടെ അഭാവംമൂലം ത്രിതലപഞ്ചായത്ത് വഴി കർഷകന് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിൽ ഒഴിവുകളുള്ളതും കൃഷി ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പോയതുകാണ്ട് ഒഴിവുള്ളതുമായ കൃഷി ഓഫീസുകളിൽ അടിയന്തരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിൽ 14 കൃഷിഭവനുകളാണുള്ളത്. അതിൽ ഉടുമ്പൻചോല കൃഷിഭവനിൽ മാത്രമാണ് കൃഷി ഓഫീസർ നിലവിലില്ലാത്തത്.

(ബി) ഇപ്രകാരം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.

യൂറിയ ക്ഷാമം

164 (3448) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വർഷം കൃഷിക്ക് വളമായി ഉപയോഗിക്കുന്നതിന് ശരാശരി എത്രടൺ യൂറിയ ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) അടുത്ത കാലത്തായി യൂറിയക്ക് വലിയ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യൂറിയയുടെ ക്ഷാമം നിമിത്തം കാർഷികമേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ച സാചര്യത്തിൽ ആവശ്യാനുസരണം യൂറിയ ലഭ്യമാക്കുന്നത് കൃഷി വകുപ്പ് എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ഖാരിഫ്, റാബി എന്നീ രണ്ട് വിള സീസണുകളിലായി 2 ലക്ഷം മെട്രിക് ടൺ യൂറിയ ആവശ്യമുള്ളതായി കണക്കാക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര പെട്രോളിയം ആന്റ് കെമിക്കൽസ് മന്ത്രാലയത്തിന്റെ കീഴിൽ ഡിപ്പാർട്ടുമെന്റ് ഓഫ് ഫെർട്ടിലൈസേഴ്സ് ആണ് സംസ്ഥാനങ്ങൾക്ക് രാസവളം അനുവദിച്ചു തരുന്നത്. വിവിധ രാസവള ഉല്പാദന കമ്പനികൾ ഉല്പാദിപ്പിക്കുന്നതും മറ്റ് രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതുമായ രാസവളങ്ങൾ റയിൽ റേക്ക് വഴിയാണ് സംസ്ഥാനത്ത് എത്തുന്നത്. രാസവള കമ്പനികൾ മുഖേന കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തേയ്ക്ക് അനുവദിച്ചു നൽകുന്ന രാസവളങ്ങൾ മുഴുവനായും രാസവള കമ്പനികൾക്ക് സംസ്ഥാനത്ത് എത്തിച്ചു നൽകുവാൻ കഴിയാറില്ല. രാസവളം കമ്പനികൾ റെയിൽ റേക്ക് വഴിയാണ് എത്തിക്കുന്നത്. പലപ്പോഴും റെയിൽ റേക്കിന്റെ ലഭ്യത കുറവും റേക്ക് പോയിന്റിലെ അസൗകര്യങ്ങളും കാരണമാകാറുണ്ട്. യൂറിയ പോലുള്ള വളങ്ങൾ എഫ്.എ.സി.ടി. ഉല്പാദിപ്പിക്കാത്തതുമൂലവും കയറ്റിറക്കിലെ ബുദ്ധിമുട്ട് കാരണം കൊച്ചി തുറമുഖത്ത് ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ട്. നമുക്ക് അനുവദിക്കുന്ന രാസവളങ്ങൾ മിക്കതും അന്യസംസ്ഥാനങ്ങളിലെ തുറമുഖങ്ങളായ തൂത്തുക്കുടി, മംഗലാപുരം, ചെന്നൈ, പാരദ്വീപ്, കാണ്ട്ല മുതലായ തുറമുഖങ്ങളിലാണ് ഇറക്കുമതി ചെയ്യുന്നത്. ഇക്കാരണം കൊണ്ടുതന്നെ മറ്റ് സംസ്ഥാനത്തെ തുറമുഖത്തുനിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് വേണ്ടി അയയ്ക്കാൻ ശ്രമിക്കുമ്പോൾ എപ്പോഴും മുൻഗണന അതാതു സംസ്ഥാനങ്ങൾക്കു ലഭിക്കുകയാണ് പതിവ്. കാർഷിക സീസൺ ആരംഭിക്കുമ്പോൾ എല്ലാ സംസ്ഥാനങ്ങളും രാസവളത്തിന് വേണ്ടി പിടിമുറുക്കാറുണ്ട്. ഇക്കാരണങ്ങളാലാണ് ചില സമയങ്ങളിൽ സംസ്ഥാനത്ത് രാസവള ലഭ്യത കുറവ് അനുഭവപ്പെടാറുള്ളത്. സംസ്ഥാനത്ത് സെപ്തംബറിൽ അവസാനിക്കുന്ന ഖാരിഫ് സീസണിലേക്കും മാർച്ചിൽ അവസാനിക്കുന്ന റാബി

LIBRARY ARCHIVES Kerala Legislative Assembly

സീസണിലേക്കും ആവശ്യമായി വരുന്ന രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുകയും ആഴ്ചയിലൊരിക്കൽ ഇന്ത്യാ ഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് യൂറിയ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്തേയ്ക്കാവശ്യമായ രാസവളങ്ങൾ ലഭിക്കുന്നതിലുള്ള പ്രശ്നങ്ങൾ തീർന്നിട്ടുണ്ട്. യൂറിയ വളം എത്തിക്കുന്നതിന് ഇഫ്കോ ജാഗ്രത പുലർത്തുന്നുണ്ട്. മറ്റ് കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമം അനുഭവപ്പെട്ടുന്നില്ല.

റബ്ബർ സംഭരണം

165 (3449) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ സംഭരണത്തിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏത് ഏജൻസിക്കാണ് ഫണ്ട് നൽകിയതെന്നും ; അതിൽ എത്ര ചെലവഴിച്ചു എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(സാധാ) നമ്പർ 576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly